# പതിമൂന്നാം കേരള നിയമസഭ

## (പതിനഞ്ചാം സമ്മേളനം)

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 170 07/12/2015-ൽ മറുപടിയ്ക്ക്

## മത്സ്യസമൃദ്ധി പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. റ്റി. ബൽറാം:<br>ശ്രീ. പി. എ. മാധവൻ:<br>ശ്രീ. ഹൈബി ഈഡൻ:<br>ശ്രീ. ആർ. സെൽവരാജ്: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) മത്സ്യ സമൃദ്ധി പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ; | (എ) ഉണ്ട്.<br>സംസ്ഥാനത്തിന്റെ ഉൾനാടൻ മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനായി ആവിഷ്കരിച്ച് 2012 മുതൽ നടപ്പാക്കിയ മത്സ്യസമൃദ്ധി പദ്ധതിയുടെ കാലാവധി 2015 മാർച്ച് 31-ന് അവസാനിച്ചു. മത്സ്യസമൃദ്ധി പദ്ധതിക്ക് വൻതോതിലുള്ള ജനപിന്തുണ ലഭിച്ചതിനെ തുടർന്ന് 2015 മുതൽ 2018 വരെയുള്ള 3 വർഷകാലയളവിൽ മത്സ്യസമൃദ്ധി II എന്ന പദ്ധതി നടപ്പാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതി നടപ്പാക്കിയത് വഴി മത്സ്യ ഉത്പാദനത്തിൽ ഉണ്ടായ വർദ്ധന എത്രയാണ്, വിശദമാക്കാമോ; | (ബി) മത്സ്യസമൃദ്ധി പദ്ധതി നടപ്പിലാക്കിയതിലൂടെ 2012-15 വരെയുള്ള 3 വർഷ കാലയളവിൽ ആകെ 1.025 ലക്ഷം ടൺ മത്സ്യം ഉല്പാദിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. ടി പദ്ധതിയിലൂടെ സമയബന്ധിതമായി കൂടുതൽ ജനപങ്കാളിത്തത്തോടെ സംസ്ഥാനത്തെ 12224 ഹെക്ടറിൽ മത്സ്യകൃഷി വ്യാപിപ്പിക്കുവാൻ സാധിച്ചു. 930 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി പദ്ധതി നടപ്പിലാക്കിയതിലൂടെ ഏകദേശം 70000 ത്തോളം കർഷകർ ഗുണഭോക്താക്കളാവുകയും അതുവഴി 30 ലക്ഷത്തിലധികം തൊഴിൽ ദിനങ്ങൾ പദ്ധതിയിലൂടെ സൃഷ്ടിക്കപ്പെട്ടതായും കണക്കുകൾ വിലയിരുത്തുന്നു. വടക്കൻ ജില്ലകളിൽ കല്ലുമ്മേക്കായയുടെ ഉല്പാദനം ഗണ്യമായ തോതിൽ വർദ്ധിപ്പിക്കുന്നതിനും ഈ പദ്ധതിയ്ക്ക് കഴിഞ്ഞിട്ടുണ്ട്. |

കൂടാതെ നിലവിൽ മത്സ്യസമൃദ്ധി II പദ്ധതിയുടെ മത്സ്യവിത്ത് സ്റ്റോക്കിംഗ് എല്ലാ ജില്ലകളിലും 2015 നവംബർ മാസത്തോടെ പൂർത്തിയാക്കിയിട്ടുണ്ട്. വിളവെടുപ്പ് ഏപ്രിൽ/മേയ് മാസത്തിൽ നടക്കും

(സി) ഉൾനാടൻ മത്സ്യകൃഷി രംഗത്ത് പ്രവർത്തിക്കുന്നവർക്ക് ഇൻസെന്റീവ് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

(സി) ഉൾനാടൻ മത്സ്യകൃഷി രംഗത്ത് പ്രവർത്തിക്കുന്നവർക്ക് ഇൻസെന്റീവ് നൽകുന്ന പദ്ധതികളൊന്നും നിലവിൽ ആവിഷ്കരിച്ചിട്ടില്ല.

എന്നാൽ സംസ്ഥാന സർക്കാർ ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കിയ മത്സ്യകേരളം, മത്സ്യസമൃദ്ധി പദ്ധതി, നിലവിൽ നടപ്പിലാക്കിവരുന്ന മത്സ്യസമൃദ്ധി II പദ്ധതി എന്നിവ മുഖാന്തിരം സംസ്ഥാനത്ത് ഉൾനാടൻ മത്സ്യകൃഷി രംഗത്ത് പ്രവർത്തിക്കുന്ന കർഷകർക്ക് മത്സ്യവിത്ത്, മത്സ്യത്തീറ്റ എന്നിവ സബ്സിഡിയായി നൽകിവരുന്നു. സൗജന്യ വിള ഇൻഷ്വറൻസ് പദ്ധതിയും നടപ്പാക്കുന്നു. ഇവ കൂടാതെ കർഷകർക്ക് പരിശീലനം നൽകൽ, മത്സ്യകൃഷിയെക്കുറിച്ചുള്ള സൗജന്യ കൈപ്പുസ്തകം വിതരണം ചെയ്യൽ തുടങ്ങിയ വളരെയധികം പ്രയോജന പ്രദങ്ങളായ പദ്ധതി പ്രവർത്തനങ്ങൾ ഈ മേഖലയിൽ കർഷകർക്ക് ലഭ്യമാക്കിവരുന്നു.

സെക്ഷൻ ആഫീസർ